# പ്രകൃതികൃഷിയെക്കുറിച്ച് അന്താരാഷ്ട്രസമ്മേളനം

പ്രകൃതികൃഷിയേയും പരിസ്ഥിതി സന്തുലനത്തേയും കുറിച്ചുള്ള അന്താരാഷ്ട്രസമ്മേളനം (ഇൻറർനാഷണൽ കോൺഫറൻസ് ഓൺ നാച്വർ ഫാമിംഗ് ആൻറ് എക്കോളജിക്കൽ ബാലൻസ്. (ICNFEB-2001) 2001 മാർച്ച് 7 മുതൽ 10 വരെ ഹരിയാനയിലെ ഹിസാർ എന്ന സ്ഥലത്തുനടക്കുന്നു.

പ്രകൃതികൃഷിക്കുവേണ്ടിയുള്ള അന്താരാഷ്ട്ര സമിതി (ISNF) സി. സി.എസ്. ഹരിയാന കാർഷിക സർവ്വകലാശാല, സൊസൈറ്റി ഫോർ റിസർച്ച് ആൻറ് ഇനിഷ്യേറ്റീവ്സ് ഫോർ സസ്റ്റയിനബിൾ ടെക്നോളജിസ് ആൻറ് ഇൻസ്റ്റിറ്റ്യൂഷൻസ് (SRISTI) എന്നീ സ്ഥാപനങ്ങൾ ചേർന്നാണ് സമ്മേളനം ഒരുക്കുന്നത്.

പ്രകൃതികൃഷിയുടെ മേഖലയിൽ നടക്കുന്ന ഗവേഷണം, വികസനം, പഠനം, ആസൂത്രണം, നയം, ഉല്പാദനം, സംസ്കരണം, വിപണനം, സാമ്പത്തിക മാനദണ്ഡങ്ങൾ, പരിസ്ഥിതിബന്ധങ്ങൾ എന്നിവയൊക്കെ സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടും.

ചർച്ചാവിഷയങ്ങൾ (1) ആഹാരപദാർത്ഥങ്ങളുടെ ഉൽപ്പാദനവും ഗുണമേൻമയും വിപണനവും (2) ഭൂമി ഉപയോഗിക്കുന്നതിലെ ആസൂത്രണവും വിഭവങ്ങളെ ഉപയോഗപ്പെടുത്തലും (3) ജൈവകൃഷിരീതികളും പരിസ്ഥിതിയും (4) നാട്ടറിവുകളും പ്രകൃതികൃഷിയും (5) ജൈവവൈവിദ്ധ്യവും ഗ്രാമീണവികസനവും (6) സർക്കാർ നയങ്ങളും വികസനപദ്ധതികളും.

കോൺഫറൻസിനോടനുബന്ധിച്ച് വസ്തുക്കളുടേയും വിവരങ്ങളുടേയും പ്രദർശനവും ഉണ്ടായിരിക്കും. കർഷകർക്ക് 250 രൂപ പ്രവേശനഫീസടച്ച് സമ്മേളനത്തിൽ പങ്കാളിയാവാം. ബന്ധപ്പെടേണ്ട വിലാസം.

Organising Secretary, ICNFEB-2001, Conference Secretariat, Dept. of Agro nomy, CCS Haryana Agricu- ltural University, Hisar-125004, Haryna, India.